**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3501** **08.11.2019 ലെ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകർക്ക് ബിസിനസ്സ് സംരംഭങ്ങളെ സംബന്ധിച്ചും സ്റ്റാർട്ട് അപ് സംരംഭങ്ങളെ സംബന്ധിച്ചുമുള്ള പരിചയക്കുറവ് വിദ്യാർത്ഥികൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും ദിശാബോധവും നൽകുന്നതിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും "ടെക്നോളജി ഇൻക്യൂബേഷൻ സെന്ററുകൾ" പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനായി പ്രത്യേകം സജ്ജീകരിച്ച അത്യാധുനിക സൗകര്യങ്ങളോട് കൂടിയ മുറികളും കമ്പ്യൂട്ടറും ഇന്റർനെറ്റ് സേവനവും വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. വിദ്യാർത്ഥികളുടെ സംരംഭകത്വ പ്രവർത്തനങ്ങൾ നടത്തുവാൻ സഹായിക്കുന്ന സെമിനാറുകൾ, കോൺഫറൻസ്, പരിശീലനം തുടങ്ങിയവ ടി സെന്ററുകൾ മുഖേന നടത്തിവരുന്നുണ്ട്. കേരള സർക്കാർ സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ചും സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു.<br>എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും "എന്റർപ്രണർഷിപ്പ് ആന്റ് ഇന്നൊവേറ്റീവ് സെൽ"എന്നിവ വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. "കരിയർ ഗൈഡൻസ് ആന്റ് പ്ലേസ്മെന്റ് യൂണിറ്റ്" വഴി അധ്യാപകർക്കു പരിശീലനം നൽകുന്നുണ്ട് അധ്യാപകരുടെ പരിചയക്കുറവു നികത്തുന്നതിന് ഇൻഡസ്ട്രി ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ സെൽ (Industry Institute Interaction Cell) പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ